പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 250

27.02.2017 ൽ മറുപടിയ്ക്ക്

## ജയിൽ പരിഷ്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. ഐ.ബി. സതീഷ്<br>ശ്രീ. കെ.ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജയിലുകളുടെ മുഖച്ഛായ മാറ്റുന്നതിനും തടവുകാരുടെ ക്ഷേമം ഉറപ്പാക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; | (എ) | സംസ്ഥാനത്തെ ജയിലുകളുടെ മുഖച്ഛായ മാറ്റുന്നതിനും തടവുകാരുടെ ക്ഷേമം ഉറപ്പാക്കുന്നതിനുമായി ജയിലുകളുടെ നവീകരണം, തടവുകാരുടെ ക്ഷേമം എന്നീ രണ്ട് വാർഷിക പദ്ധതികൾ മുഖേന നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ (2016-17) ടി രണ്ട് വാർഷിക പദ്ധതികൾ മുഖേന താഴെപ്പറയുന്ന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.<br><br>**ജയിലുകളുടെ നവീകരണം**<br>1. ആലപ്പുഴ ജില്ലാ ജയിലിൽ പുതിയ കെട്ടിട നിർമ്മാണം.<br>2. പത്തനംതിട്ട ജില്ലാ ജയിലിൽ പുതിയ കെട്ടിട നിർമ്മാണം<br>3. അഞ്ച് ജയിലുകളിൽ (ജില്ലാ ജയിൽ എറണാകുളം, ജില്ലാ ജയിൽ വിയ്യൂർ, സബ് ജയിൽ ചാവക്കാട്, സ്പെഷ്യൽ സബ് ജയിൽ കണ്ണൂർ, മൂവാറ്റുപുഴ) അടുക്കളകളുടെ നവീകരണം<br>4. ദേവികുളം സ്പെഷ്യൽ സബ് ജയിലിലെ ചുറ്റുമതിലിന്റെ സംരക്ഷണ ഭിത്തിയുടെ നവീകരണം.<br><br>**തടവുകാരുടെ ക്ഷേമം**<br>1. തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ ജയിലുകളിൽ പ്രാർത്ഥനാ ഹാൾ, യോഗ / മെഡിറ്റേഷൻ ഹാൾ എന്നിവയുടെ നിർമ്മാണം.<br>2. തടവുകാർക്ക് വേണ്ടിയുള്ള തൊഴിൽ പരിശീലനം.<br>3. തിരുവനന്തപുരം സെൻട്രൽ ജയിലിലെ FREE FASHIONISTA യൂണിറ്റ് വിപുലീകരണം.<br>4. ജയിൽ ക്ഷേമ ദിനാഘോഷം, ഉദ്യോഗസ്ഥർക്കുവേണ്ടിയുള്ള റിഫ്രഷർ കോഴ്സ് എന്നിവ സംഘടിപ്പിക്കുക. |

| | | | |
|---|---|---|---|
| | | | 5. സെൻട്രൽ ജയിലുകളിൽ കുടിവെള്ള ശുദ്ധീകരണത്തിനായി RO പ്ലാന്റ് സ്ഥാപിക്കൽ<br>6. സെൻട്രൽ ജയിലുകളിൽ പവർ ലോൺഡ്രി സ്ഥാപിക്കൽ.<br>7. തിരുവനന്തപുരം വനിതാ ജയിലിൽ നാപ്കിൻ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കൽ<br>8. ചീമേനി തുറന്ന ജയിലിൽ വിവിധ ഫാമുകളുടെ വിപുലീകരണം.<br>9. കണ്ണൂർ സെൻട്രൽ ജയിലിൽ കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കൽ.<br>ടി രണ്ടു വാർഷിക പദ്ധതികൾക്ക് പുറമെ 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക വിനിയോഗിച്ച് നിർമ്മാണം ആരംഭിച്ച അഞ്ചു പുതിയ ജയിലുകളുടെ (അതീവ സുരക്ഷാ ജയിൽ വിയ്യൂർ, സെൻട്രൽ ജയിൽ തവനൂർ, ജില്ലാ ജയിൽ മുട്ടം, സ്പെഷ്യൽ സബ് ജയിൽ ഇരിങ്ങാലക്കുട, ജില്ലാ ജയിൽ പാലക്കാട്) നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പദ്ധതിയും ജയിൽ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) | 2016-17 സാമ്പത്തിക വർഷത്തിൽ ജയിലുകളുടെ നവീകരണം വാർഷിക പദ്ധതിയ്ക്ക് 1.00 കോടി രൂപയുടെയും , തടവുകാരുടെ ക്ഷേമം പദ്ധതിയ്ക്ക് 5.25 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ജയിലുകളുടെ നവീകരണം വാർഷിക പദ്ധതിയ്ക്കുവേണ്ടി പൊതുമരാമത്ത് വകുപ്പിന്റെ അക്കൗണ്ട് ഹെഡിൽ വകയിരുത്തിയ 11.00 കോടി രൂപയ്ക്കുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക വിനിയോഗിച്ച് നിർമ്മാണം ആരംഭിച്ച അഞ്ച് പുതിയ ജയിലുകളുടെ (അതീവ സുരക്ഷാ ജയിൽ വിയ്യൂർ, സെൻട്രൽ ജയിൽ തവനൂർ, ജില്ലാ ജയിൽ മുട്ടം, സ്പെഷ്യൽ സബ് ജയിൽ ഇരിങ്ങാലക്കുട, ജില്ലാ ജയിൽ പാലക്കാട്) നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പദ്ധതികൾക്ക് 32.965 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | തടവുകാർക്ക് വിജ്ഞാനവും വരുമാനവും പ്രദാനം ചെയ്യുന്നതോടൊപ്പം ജയിൽ നവീകരണം സാധ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; | (സി) | തടവുകാർക്ക് വിജ്ഞാനവും വരുമാനവും പ്രദാനം ചെയ്യുന്നതിനായി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പ് സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് :-<br>1. കമ്പ്യൂട്ടർ പരിശീലനം, ഡ്രൈവിങ് പരിശീലനം, ഇലക്ട്രീഷ്യൻ കോഴ്സ് പരിശീലനം, വയർമാൻ കോഴ്സ്, ഓഫീസ് ഓട്ടോമേഷൻ, ഫുഡ് പ്രോഡക്ഷൻ, ഡി.റ്റി.പി., ഇലക്ട്രിക് വയറിങ്, കമ്പ്യൂട്ടർ ഹാർഡ് വെയർ & മെയിന്റനൻസ്, പ്ലംബിംഗ്, ടൈലറിംങ്, ബ്യൂട്ടീഷ്യൻ കോഴ്സ്, വാഹനങ്ങളുടെ റിപ്പയറിങ്, സ്ക്രീൻ പ്രിന്റിംഗ്, ടെലിവിഷൻ മെക്കാനിസം, ഫാഷൻ ഡിസൈനിങ്, മൊബൈൽ ഫോൺ റിപ്പയറിങ്, അലുമിനിയം ഫാബ്രിക്കേഷൻ, വെൽഡിങ്, എൽ.ഇ.ഡി. ബൾബ്/പേപ്പർ ക്യാരി ബാഗ് / മെഴുകുതിരി/ ചന്ദനത്തിരി/ ഫിനോയിൽ/ സോപ്പ് പൊടി / കുട എന്നിവയുടെ നിർമ്മാണം തുടങ്ങിയ വിവിധ തൊഴിൽ പരിശീലന പദ്ധതികൾ<br>2.തിരുവനന്തപുരം വനിതാ ജയിലിൽ നാപ്കിൻ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കൽ<br>3. കണ്ണൂർ സെൻട്രൽ ജയിലിൽ കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കൽ<br>4.ചീമേനി തുറന്ന ജയിലിൽ പശു, ആട്, പന്നി, കോഴി, മുയൽ എന്നിവയുടെ ആധുനിക രീതിയിലുള്ള പരിപാലനത്തിനുള്ള പരിശീലനം നൽകുന്നതിനുള്ള ഫാമുകളുടെ നിർമ്മാണം.<br>ജയിൽ നവീകരണം സാധ്യമാക്കുന്ന - തിനായി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br>1.ആലപ്പുഴ ജില്ലാ ജയിലിൽ പുതിയ കെട്ടിട നിർമ്മാണം.<br>2.പത്തനംതിട്ട ജില്ലാ ജയിലിൽ പുതിയ കെട്ടിട നിർമ്മാണം<br>3.അഞ്ചു ജയിലുകളിൽ (ജില്ലാ ജയിൽ എറണാകുളം, ജില്ലാ ജയിൽ വിയ്യൂർ, സബ് ജയിൽ ചാവക്കാട്, സ്പെഷ്യൽ സബ് ജയിൽ കണ്ണൂർ, മൂവാറ്റുപുഴ) അടുക്കളകളുടെ നവീകരണം<br>4. ദേവികുളം സ്പെഷ്യൽ സബ് ജയിലിലെ ചുറ്റുമതിലിന്റെ സംരക്ഷണ ഭിത്തിയുടെ നവീകരണം.<br>കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക വിനിയോഗിച്ച നിർമ്മാണം ആരംഭിച്ച അഞ്ചു പുതിയ ജയിലുകളുടെ |

| | | | |
|---|---|---|---|
| | | | (അതീവ സുരക്ഷാ ജയിൽ വിയ്യൂർ, സെൻട്രൽ ജയിൽ തവനൂർ, ജില്ലാ ജയിൽ മുട്ടം, സ്പെഷ്യൽ സബ് ജയിൽ ഇരിങ്ങാലക്കുട, ജില്ലാ ജയിൽ പാലക്കാട്) നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പദ്ധതിയും ജയിൽ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. |
| (ഡി) | തടവുകാരുടെ തൊഴിൽ പരിശീലനത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) | നടപ്പ് സാമ്പത്തിക വർഷത്തിൽ (2016-17) തടവുകാരുടെ ക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തി തടവുകാരുടെ തൊഴിൽ പരിശീലനത്തിനായി കമ്പ്യൂട്ടർ പരിശീലനം, ഡ്രൈവിങ് പരിശീലനം, ഇലക്ട്രീഷ്യൻ കോഴ്സ് പരിശീലനം, വയർമാൻ കോഴ്സ്, ഓഫീസ് ഓട്ടോമേഷൻ, ഫുഡ് പ്രോഡക്ഷൻ, ഡി.റ്റി.പി., ഇലക്ട്രിക് വയറിങ്, കമ്പ്യൂട്ടർ ഹാർഡ് വെയർ & മെയിന്റനൻസ്, പ്ലംബിംഗ്, ടൈലറിംങ്, ബ്യൂട്ടീഷ്യൻ കോഴ്സ്, വാഹനങ്ങളുടെ റിപ്പയറിങ്, സ്ക്രീൻ പ്രിന്റിംഗ്, ടെലിവിഷൻ മെക്കാനിസം, ഫാഷൻ ഡിസൈനിങ്, മൊബൈൽ ഫോൺ റിപ്പയറിങ്, അലുമിനിയം ഫാബ്രിക്കേഷൻ, വെൽഡിങ്, എൽ.ഇ.ഡി. ബൾബ്/പേപ്പർ ക്യാരി ബാഗ്/ മെഴുകുതിരി/ ചന്ദനത്തിരി/ ഫിനോയിൽ/ സോപ്പ് പൊടി / കട എന്നിവയുടെ നിർമ്മാണം തുടങ്ങിയ വിവിധ തൊഴിൽ പരിശീലന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ